**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2326** **12-02-2024 - ൽ മറുപടിയ്ക്ക്**

**നഴ്സിംഗ് കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര നഴ്സിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, സർക്കാർ മേഖലയിൽ 7 പുതിയ നഴ്സിംഗ് കോളേജുകളും, 100 സീറ്റോടു കൂടി തിരുവനന്തപുരം നഴ്സിംഗ് കോളേജിന് അനുബന്ധമായി അധികബാച്ചും ആരംഭിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & ടെക്നോളജി (സിമെറ്റ്) -ക്ക് കീഴിൽ ഏഴ് പുതിയ നഴ്സിംഗ് കോളേജുകൾ 2023-24 അധ്യയന വർഷം ആരംഭിച്ചു. സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് സ്വയംഭരണ സ്ഥാപനങ്ങളായ സെന്റർ ഫോർ പ്രൊഫഷണൽ & അഡ്വാൻസ്ഡ് സ്റ്റഡീസ്, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്നിവയ്ക്ക് കീഴിൽ ആകെ 4 കോളേജുകളും സ്വകാര്യ സ്വാശ്രയ മേഖലയിൽ 14 കോളേജുകളും ഇക്കാലയളവിൽ ആരംഭിച്ചു. ഇപ്രകാരം ആകെ 32 നഴ്സിംഗ് കോളേജുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ചു. പുതിയ നഴ്സിംഗ് കോളേജുകൾ സംബന്ധിച്ച വിശദാംശം **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കോളേജുകൾക്കായി പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവയിൽ എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, സർക്കാർ മേഖലയിൽ 2022-23 അധ്യയന വർഷം ആരംഭിച്ച കൊല്ലം, മഞ്ചേരി നഴ്സിംഗ് കോളേജുകളിൽ സ.ഉ (കൈ) നം.150/2022/ആ.കു.വ തീയതി 15.07.2022 പ്രകാരം സൃഷ്ടിച്ച അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളും 2023-24 അധ്യയന വർഷം തിരുവനന്തപുരം (അധികബാച്ച്), പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലായി ആരംഭിച്ച നഴ്സിംഗ് കോളേജുകളിൽ സ.ഉ (കൈ) നം.282/2023/ ആ.കു.വ തീയതി 13.10.2023 പ്രകാരം സൃഷ്ടിച്ച അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുടെ വിവരവും **അനുബന്ധം 2** ആയി ചേർക്കുന്നു. ആരോഗ്യ |

| | | | |
|---|---|---|---|
| | | | കുടുംബക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & ടെക്നോളജി (സിമെറ്റ്) -ക്ക് കീഴിൽ പുതുതായി ആരംഭിച്ച ഏഴ് കോളേജുകളിലുമായി സൃഷ്ടിക്കപ്പെട്ട അധ്യാപക അനധ്യാപക തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി ആരംഭിച്ച നഴ്സിംഗ് കോളേജുകൾ | |
|---|---|
| ക്രമ നം. | കോളേജ് |
| **സർക്കാർ മേഖല** | |
| 1 | ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംഗ്, പാരിപ്പള്ളി, കൊല്ലം |
| 2 | ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംഗ്, മഞ്ചേരി, മലപ്പുറം |
| 3 | ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംഗ്, പത്തനംതിട്ട |
| 4 | ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംഗ്, ഇടുക്കി |
| 5 | ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംഗ്, വയനാട് |
| 6 | ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംഗ്, പാലക്കാട് |
| 7 | ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംഗ്, കാസർഗോഡ് |
| | **അധികബാച്ച്** |
| 8 | ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംഗ്, തിരുവനന്തപുരം (അധിക ബാച്ച്) |
| | **പൊതുമേഖല** |
| 9 | സി–മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, നെയ്യാറ്റിൻകര, തിരുവനന്തപുരം |
| 10 | സി–മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, വർക്കല, തിരുവനന്തപുരം |
| 11 | സി–മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, കോന്നി, പത്തനംതിട്ട |
| 12 | സി–മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, നൂറനാട്, ആലപ്പുഴ |
| 13 | സി–മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, താനൂർ, മലപ്പുറം |
| 14 | സി–മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, ധർമ്മടം, കണ്ണൂർ |
| 15 | സി–മെറ്റ് കോളേജ് ഓഫ് നഴ്സിംഗ്, തളിപ്പറമ്പ്, കണ്ണൂർ |
| 16 | ഐ.എൻ.ഇ, എസ്.എം.ഇ, കൊട്ടാരക്കര, കൊല്ലം |
| 17 | ഐ.എൻ.ഇ, എസ്.എം.ഇ, കാഞ്ഞിരപ്പള്ളി, കോട്ടയം |

| | |
|---|---|
| 18 | ഐ.എൻ.ഇ, എസ്.എം.ഇ, സീതത്തോട്, പത്തനംതിട്ട |
| 19 | കേപ് കോളേജ് ഓഫ് നഴ്സിംഗ്, പുന്നപ്ര, ആലപ്പുഴ |
| | **<u>സ്വകാര്യ സ്വാശ്രയ മേഖല</u>** |
| 20 | അസംപ്ഷൻ കോളേജ് ഓഫ് നഴ്സിംഗ്, സുൽത്താൻ ബത്തേരി, വയനാട് |
| 21 | ലിസ്സി കോളേജ് ഓഫ് നഴ്സിംഗ്, എറണാകുളം |
| 22 | അഹല്യ കോളേജ് ഓഫ് നഴ്സിംഗ്, പാലക്കാട് |
| 23 | അൽ അസർ കോളേജ് ഓഫ് നഴ്സിംഗ്, തൊടുപുഴ, ഇടുക്കി |
| 24 | സാൻജോ കോളേജ് ഓഫ് നഴ്സിംഗ്, വെള്ളപ്പാറ, പാലക്കാട് |
| 25 | തളിപ്പറമ്പ കോ-ഓപ്പറേറ്റീവ് കോളേജ് ഓഫ് നഴ്സിംഗ്, കണ്ണൂർ |
| 26 | എടപ്പാൾ ഹോസ്പിറ്റൽസ് നഴ്സിംഗ് കോളേജ്, മലപ്പുറം |
| 27 | മരിയ തെരേസ കോളേജ് ഓഫ് നഴ്സിംഗ്, തൃശ്ശൂർ |
| 28 | വള്ളുവനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ്, ഒറ്റപ്പാലം, പാലക്കാട് |
| 29 | ഇന്ദിര ഗാന്ധി മെമ്മോറിയൽ കോളേജ് ഓഫ് നഴ്സിംഗ്, അശമന്നൂർ, എറണാകുളം |
| 30 | ലേയമ്മ മെമ്മോറിയൽ കോളേജ് ഓഫ് നഴ്സിംഗ്, കോട്ടയം |
| 31 | പിംസ് കോളേജ് ഓഫ് നഴ്സിംഗ്, വാളയാർ, പാലക്കാട് |
| 32 | ശ്രീ ശാരദ കോളേജ് ഓഫ് നഴ്സിംഗ്, ശാസ്തമംഗലം, തിരുവനന്തപുരം |
| 33 | ക്രിസ്തുരാജ് കോളേജ് ഓഫ് നഴ്സിംഗ്, കണ്ണൂർ |

## അനുബന്ധം 2

| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആരംഭിച്ച സർക്കാർ നഴ്സിംഗ് കോളേജുകളിൽ സൃഷ്ടിച്ച തസ്തികകളുടെ വിവരം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | തസ്തിക | നഴ്സിംഗ് കോളേജ് | | | | | | | | ആകെ | നിയമനം നടന്ന തസ്തികകളുടെ എണ്ണം |
| | | തിരുവനന്തപുരം | പത്തനംതിട്ട | ഇടുക്കി | പാലക്കാട് | വയനാട് | കാസർഗോഡ് | കൊല്ലം | മഞ്ചേരി | | |
| 1 | പ്രിൻസിപ്പാൾ | – | 1 | 1 | 1 | 1 | 1 | 1 | 1 | 7 | 7 |
| 2 | പ്രൊഫസർ | – | – | – | – | – | – | 1 | 1 | 2 | 2 |
| 3 | അസിസ്റ്റന്റ് പ്രൊഫസർ | 4 | 2 | 2 | 2 | 2 | 2 | 5 | 5 | 24 | 19 (പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവില്ലാത്തതിനാലാണ് 5 തസ്തികകളിൽ നിയമനം വൈകുന്നത്) |
| 4 | ട്യൂട്ടർ | 2 | 2 | 2 | 2 | 2 | 2 | – | – | 12 | നിയമന നടപടികൾ നടന്നു വരുന്നു. |
| 5 | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | – | – | – | – | – | – | 1 | 1 | 2 | 2 |
| 6 | സീനിയർ സൂപ്രണ്ട് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 8 |
| 7 | സീനിയർ ക്ലർക്ക് | – | – | – | – | – | – | 1 | 1 | 2 | 2 |
| 8 | ലൈബ്രേറിയൻ ഗ്രേഡ്–1 | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 2 (6 തസ്തികകളിൽ നിയമനം നടത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട് ) |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 9 | ക്ലർക്ക് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 8 |
| 10 | ഓഫീസ് അറ്റൻഡന്റ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 8 |
| 11 | വാച്ച്മാൻ | 1 | 1 | 1 | 1 | 1 | 1 | 2 | 2 | 10 | 4 |
| 12 | ഹൗസ് കീപ്പർ | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 2 |
| 13 | ഫുൾടൈം സ്വീപ്പർ | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 2 |
| 14 | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 1 | 1 | 1 | 1 | 1 | 1 | 1 | 1 | 8 | 2 |
| | ആകെ | 14 | 13 | 13 | 13 | 13 | 13 | 18 | 18 | 115 | |

കുറിപ്പ് നം. 1– ക്രമ നം. 11 മുതൽ 14 വരെയുള്ള തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്നവയിൽ നിയമനം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

**അനുബന്ധം 3**

| സി-മെറ്റിനു കീഴിൽ പുതുതായി ആരംഭിച്ച നഴ്സിംഗ് കോളേജുകളിൽ സൃഷ്ടിച്ച തസ്തികകളുടെ വിവരം | | | |
|---|---|---|---|
| ക്രമ നം. | തസ്തിക | എണ്ണം | നിയമനം നടത്തിയതിന്റെ വിവരം |
| 1 | പ്രിൻസിപ്പാൾ | 7 | നിയമനം നടത്തിയിട്ടുണ്ട് |
| 2 | അസിസ്റ്റന്റ് പ്രൊഫസർ | 13 | നിയമനം നടത്തി വരുന്നു. നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| 3 | സീനിയർ ലക്ചറർ | 5 | നിയമനം നടത്തിയിട്ടുണ്ട് |
| 4 | ട്യൂട്ടർ/ലക്ചറർ | 18 | നിയമനം നടത്തി വരുന്നു. നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| 5 | സീനിയർ സൂപ്രണ്ട് | 7 | ആറ് കോളേജുകളിൽ നിയമനം നടത്തിയിട്ടുണ്ട്. ഒഴിവുള്ള ഒരു തസ്തികയ്ക്കു വേണ്ടി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| 6 | ലൈബ്രേറിയൻ | 7 | എഴുത്തുപരീക്ഷയും ഇന്റർവ്യൂവും കഴിഞ്ഞു. നിയമന നടപടികൾ നടന്നുവരുന്നു. |
| 7 | എൽ.ഡി.ക്ലർക്ക് | 9 | എഴുത്തു പരീക്ഷ കഴിഞ്ഞു. നിയമന നടപടികൾ നടന്നുവരുന്നു. |
| 8 | ഡ്രൈവർ | 7 | വാഹനം ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |
| 9 | ലൈബ്രറി അറ്റൻഡന്റ് | 7 | നിയമനം നടത്തിയിട്ടുണ്ട് |
| 10 | ഹെൽപ്പർ | 8 | നിയമനം നടത്തിയിട്ടുണ്ട് |
| 11 | വാച്ച്മാൻ | 7 | നിയമനം നടത്തിയിട്ടുണ്ട് |
| | ആകെ | 95 | |